2482
4/3/15

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - പൂജപ്പുര വികലാംഗ വനിതാ സദനം പുതിയ കെട്ടിടം ഉത്ഘാടനത്തിന് ഫണ്ട് അനുവദിച്ചതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ.) നം.108/2015/സാനീവ തിരുവനന്തപുരം, തീയതി. 23.02.2015

==========================================================

പരാമർശം :സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 23/10/2014 ലെ എച്ച്3/28133/14 നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിന് കീഴിൽ പൂജപ്പുരയിൽ പ്രവർത്തിക്കുന്ന വികലാംഗ വനിതാ സദനത്തിനായി പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ ഉത്ഘാടനം 7/2/2014 -ൽ നിർവ്വഹിച്ചതായും ഉത്ഘാടന തീയതി വളരെ പെട്ടന്ന് തീരുമാനിച്ചതിനാൽ സർക്കാർ അനുമതിയില്ലാതെ ഉത്ഘാടന ചെലവിലേയ്ക്കായി 45000/- രൂപ 2235-60-200-83 (പി) എന്ന ശീർഷകത്തിൽ നിന്നും സ്ഥാപന സൂപ്രണ്ടിന് അനുവദിച്ച് നൽകിയതായും ഇതിന് സാധൂകരണം നൽകണമെന്നും പരാമർശത്തിലെ കത്തു പ്രകാരം സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. അടിയന്തിര സാഹചര്യം പരിഗണിച്ച്, പൂജപ്പുരയിലെ വികലാംഗ വനിതാ സദനം കെട്ടിടത്തിന്റെ ഉത്ഘാടനത്തിനായി 45000/- രൂപ 2235-60-200-83 (പി) എന്ന ശീർഷകത്തിൽ നിന്ന് ചെലവഴിച്ച സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എൽ.എ. ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയാ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്. (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി)
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ